ഭരണഭാഷ — മാതൃഭാഷ

നമ്പർ പി 3/14309/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം 33
തീയതി : 22.04.2015
ഫോൺ : 0471 2303107

## സർക്കുലർ

2015-16 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള താഴെ വിവരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കാവശ്യമായ പ്രൊപ്പോസലുകൾ 20.05.2015 തീയതിയ്ക്കകം ലഭിക്കത്തക്കവിധത്തിൽ തയ്യാറാക്കി അയച്ചുതരുവാൻ എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾമാരോടും അതാത് ഹോസ്റ്റൽ വാർഡൻമാരോടും നിർദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥി സമൂഹത്തിന്റെ ഉന്നമനത്തിനുമായി വിനിയോഗിക്കുന്നതിന് എല്ലാ പ്രിൻസിപ്പാൾമാരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

ഓരോ പദ്ധതിക്കും തുക അനുവദിക്കുന്നതിന് പ്രത്യേകം ഫയലുകൾ തുടങ്ങേണ്ടതിനാലും വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്നതിനാലും താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ പ്രത്യേകം പ്രൊപ്പോസലുകൾ തയ്യാറാക്കി ഒരു ആമുഖ കത്ത് മുഖേന അയച്ചുതരാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഓരോ ശീർഷകങ്ങളിലും തുക ആവശ്യപ്പെടുന്നതിനുള്ള Justificationകൂടി പ്രൊപ്പോസലിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക വിനിയോഗിക്കാവുന്ന സംഗതികൾ |
|---|---|---|
| 1. | ലാബ് / ലൈബ്രറികളുടെ നവീകരണം (800 ലക്ഷം) 2202-03-103-76 | അത്യാധുനിക ലാബ് ഉപകരണങ്ങൾ, ലൈബ്രറി ഡിജിറ്റലൈസേഷൻ, ലാബ് / ലൈബ്രറി ഫർണിച്ചർ, ലൈബ്രറി ബുക്സ്, ലാബിലെ രാസപദാർത്ഥങ്ങൾ |



0496264

| | | |
|---|---|---|
| 2. | പുതിയ കോഴ്സുകൾ (400 ലക്ഷം) 2202-03-103-94 | പുതിയ ബിരുദ / ബിരുദാനന്തര കോഴ്സുകൾക്കു വേണ്ട ഫർണിച്ചർ, ലാബ് / ലൈബ്രറി സൗകര്യങ്ങൾ, യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ ഫീസ്, അഫിലിയേഷൻ ഫീസ് മുതലായവ. പുതിയ കോഴ്സുകൾ ആരംഭിക്കാത്ത പക്ഷം നിലവിലുള്ള കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനായി തുക ഉപയോഗിക്കാം. മൈക്രോ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, വ്യാവസായിക രസതന്ത്രം എന്നീ കോഴ്സുകൾക്ക് വേണ്ടി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. |
| 3. | ഫാക്കൽറ്റി വികസനം (160 ലക്ഷം) 2202-03-105-99 | പുതിയ മേഖലകളിൽ ഹ്രസ്വകാല പരിശീലന പദ്ധതികൾ (ചുരുങ്ങിയത് മൂന്നു ദിവസമോ പരമാവധി ഒരാഴ്ചയോ), പുതിയതായി നിയമിക്കപ്പെട്ട അധ്യാപകർക്കായുള്ള പ്രാരംഭ പരിശീലന പരിപാടി, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ |
| 4. | മാച്ചിംഗ് ഗ്രാന്റ് (135 ലക്ഷം) | കോളേജ് വികസന സമിതി ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റ് ആയി നൽകുന്നു. ഈ തുക കോളേജിന്റെ വികസനത്തിനായി കമ്മിറ്റിയുടെ തീരുമാനപ്രകാരം വിനിയോഗിക്കാം. ഇതിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ തുക ട്രഷറിയിൽ അടച്ച ചെലാൻ നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്. |
| 5. | ഐ.റ്റി. ഗ്രിഡ് (35 ലക്ഷം) 2202-03-103-73 | ഗവൺമെന്റ് കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ ബ്രോഡ്ബാന്റ് കണക്ഷൻ ചാർജ്ജ് |
| 6. | സി.ഐ.യു.പി (500 ലക്ഷം) 2202-03-103-75 (01) | കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, സ്റ്റുഡന്റ്സ് അമിനിറ്റീസ്, കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ, കായിക ഉപകരണങ്ങൾ വാങ്ങൽ, പൈതൃക സംരക്ഷണം എന്നിവയ്ക്കും തുക വിനിയോഗിക്കാവുന്നതാണ്. |
| 7. | പഠനയാത്രകൾ (49.75 ലക്ഷം) 2202-03-800-69 | പഠനപദ്ധതിയുടെ ഭാഗമായുള്ള പഠനയാത്രകൾ / ഫീൽഡ് വിസിറ്റ് എന്നിവയ്ക്ക് സാമ്പത്തികസഹായം |

| | | |
|---|---|---|
| 8. | എഡ്യൂസാറ്റ് ക്ലാസ്സ്മുറികളുടെ നവീകരണം<br>(250 ലക്ഷം)<br>2202-80-003-95 | എഡ്യൂസാറ്റ് ക്ലാസ്സ്മുറികളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ റിപ്പയർ വർക്സ്, പി.ജി / യു.ജി ക്ലാസ്സ്മുറികൾ സ്മാർട്ട് ക്ലാസ്റൂം ആക്കുക (ടി.വി, ഇന്റർനെറ്റ് കണക്റ്റിവിറ്റി, വൈറ്റ്ബോർഡ്, ലാപ്ടോപ്പ്, കമ്പ്യൂട്ടർ, ജഫേഴ്സൺ ചെയർ, ക്ലാസ്മുറികളുടെ മെയിന്റനൻസ്) |
| 9. | കോളേജുകൾക്ക് NAAC ന്റെ അംഗീകാരം<br>(300 ലക്ഷം)<br>2202-03-103-74 | കോളേജുകൾക്ക് NAAC ന്റെ അംഗീകാരം ലഭിക്കുന്നതിനും ലഭിച്ചവയ്ക്ക് അംഗീകാരം പുതുക്കുന്നതിനും വേണ്ടി കോളേജുകളുടെ പശ്ചാത്തല സൗകര്യ വികസനം, നവീകരണം, അക്കാദമിക് ഉയർച്ച, അധ്യാപക വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യം, നൂതന ലാബ്, ലൈബ്രറി സൗകര്യങ്ങൾ മികച്ച സെമിനാർ ഹാൾ, കാമ്പസ് മോടിപിടിപ്പിക്കൽ മുതലായവ |
| 10. | സ്പോർട്സ് പരിശീലനത്തിനുള്ള ധനസഹായം<br>(25 ലക്ഷം)<br>2204-00-800-90 | ദേശീയമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹന സമ്മാനം, അധ്യാപകർക്ക് ഇൻ സർവ്വീസ് കോഴ്സുകൾ, അധ്യാപകർക്ക് പ്രോത്സാഹനം, വേനൽക്കാല പരിശീലന ക്യാമ്പുകൾ എന്നിവ |

(ഒപ്പ്)
ഡോ. തോമസ് കുരുവിള
അഡീഷണൽ ഡയറക്ടർ (ഇൻ ചാർജ്ജ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.എച്ച് 23.4.15



0496266